കക്കയം ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന് അനുബന്ധമായുള്ള ടെയിൽ റേസ് നിർമ്മാണം

16 (361) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കക്കയം ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന് അനുബന്ധമായുള്ള ടെയിൽ റേസ് പവർഹൗസിന് കക്കയം അങ്ങാടിയിൽ നിർമ്മിച്ച വലിയകഴി സമീപത്തെ റോഡിനും കെട്ടിടത്തിനും ഭീഷണിയായി തുടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിർമ്മാണ പ്രവൃത്തികൾ അത്രയും അപകടകരമായ അവസ്ഥയിൽ നിർത്തിവെക്കേണ്ടിവന്ന സാഹചര്യം അറിയിക്കാമോ ;

(സി) നിർമ്മാണം സംബന്ധിച്ച ഇപ്പോഴത്തെ അവസ്ഥ മനസ്സിലാക്കുന്നതിനും തുടർ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനുംവേണ്ടി പ്രവൃത്തി സ്ഥലം സന്ദർശിക്കുന്നതിനും അവിടെ ഉന്നതതല യോഗം ചേരുന്നതിനും നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) കക്കയത്തെ പ്രധാനപ്പെട്ട പവർഹൗസിൽനിന്നും വൈദ്യുതി ഉൽപ്പാദനത്തിനുശേഷം റേസിലൂടെ ഒഴുക്കിവിടുന്ന വെള്ളം ഉപയോഗിച്ച് 3 മെഗാവാട്ട് ഉൽപ്പാദനശേഷിയുള്ള ഒരു ചെറുകിട ജലവൈദ്യുത പദ്ധതിയുടെ പവർഹൗസ് നിർമ്മാണത്തിനുവേണ്ടിയുള്ള കഴിയാണ് എടുത്തിരിക്കുന്നത്. സമീപത്തുള്ള ചില കെട്ടിടങ്ങളിലും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കോളനിയിലേയ്ക്കുള്ള റോഡിലും ചെറിയ റോഡിലും ചെറിയ വിള്ളലുകൾ രൂപപ്പെട്ടിരുന്നുവെങ്കിലും നിലവിൽ ഇവയ്ക്ക് യാതൊരു ഭീഷണിയുമില്ല. മുമ്പ് ഉണ്ടായിട്ടുള്ള ചെറിയ വിള്ളലുകൾ വലുതാവുകയോ പുതിയവ രൂപപ്പെടുകയോ ചെയ്തിട്ടില്ല.

(ബി) പവർ ഹൗസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർണ്ണമായും നിർത്തിവച്ചിട്ടില്ല. അനുബന്ധ പ്രവൃത്തികൾ നടന്നുവരുന്നു. മെയ് മാസത്തിൽ കക്കയത്ത് അമിതമായി പെയ്ത വേനൽ മഴയിൽ ജലനിരപ്പ് അമിതമായി ഉയർന്നതുകാരണം ഫൗണ്ടേഷൻ പ്രവർത്തികൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ നിർബന്ധിതമായി.

(സി) പദ്ധതിയുടെ ചുമതലയുള്ള ചീഫ് എഞ്ചിനീയർ 27-5-2015-ന് സ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly